## വനിതാ സിനിമ

**യോഗ്യതാ മാനദണ്ഡം**

മലയാള ഭാഷാ പരിജ്ഞാനമുള്ള ഇന്ത്യൻ പൗരത്വമുള്ള വനിതാ സംവിധായകർക്കും പുതുമുഖ വനിതാ സംവിധായകർക്കും പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഇന്ത്യൻ പൗരത്വമുള്ള സംവിധായകരുടെ സിനിമ

**യോഗ്യതാ മാനദണ്ഡം**

മേൽപറഞ്ഞ വിഭാഗത്തിൽപ്പെടുന്ന സംവിധായകരായിരിക്കണം. പുതുമുഖ സംവിധായകർക്കും പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്

വനിതാ ശാക്തീകരണത്തിന്റെയും പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിന്റെയും ഭാഗമായി **വനിതാ സംവിധായകർ** സംവിധാനം ചെയ്യുന്ന **രണ്ട് മലയാള ഭാഷാ ഫീച്ചർ ഫിലിമുകളും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ**ത്തിൽപ്പെടുന്ന സംവിധായകർ സംവിധാനം ചെയ്യുന്ന രണ്ട് മലയാള ഭാഷാ ഫീച്ചർ ഫിലിമുകളും സംസ്ഥാന സർക്കാർ നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സി.യ്ക്കാണ് മേൽപറഞ്ഞ ഫിലിമുകളുടെ നിർമ്മാണ ചുമതല. ഈയവസരം പ്രയോജനപ്പെടുത്തി സിനിമാ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവരിൽ നിന്നും കെ.എസ്.എഫ്.ഡി.സി. പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.



### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- കെ.എസ്.എഫ്.ഡി.സി.യിലെ താത്ക്കാലിക/സ്ഥിരം ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല.
- മേൽപറഞ്ഞ ഏതെങ്കിലും ഒരു വിഭാഗത്തിൽ മാത്രമെ ഒരു വ്യക്തിക്ക് അപേക്ഷിക്കുവാൻ പാടുള്ളൂ.
- അപേക്ഷാഫോമിൽ ഏത് വിഭാഗത്തിലേക്കാണ് പ്രൊപ്പോസൽ സമർപ്പിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തണം.
- ഒന്നിലധികം പ്രൊപ്പോസൽ സമർപ്പിക്കുന്നവരുടെ അപേക്ഷ പൂർണ്ണമായി നിരസിക്കുന്നതാണ്.

## പ്രൊപ്പോസൽ

കെ.എസ്.എഫ്.ഡി.സി.ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിൽ ചുവടെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കണം

- ചലച്ചിത്രത്തിന്റെ ആശയം (50 വാക്കുകൾ)
- ചലച്ചിത്രത്തിനോടുള്ള സംവിധായകരുടെ സമീപനം (1000 വാക്കുകൾ/2 പേജ്) വിവരണം.
- വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷാഫോറം പൂരിപ്പിച്ചത്.

### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- പ്രൊപ്പോസലിൽ ഒറിജിനൽ ഫിലിം ഐഡിയ മാത്രമെ ഉൾപ്പെടുത്തുവാൻ പാടുള്ളൂ.
- **മലയാളത്തിൽ ആണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്.**
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമ എന്ന വിഭാഗത്തിൽ അപേക്ഷിക്കുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.
- പ്രൊപ്പോസലിൽ പരാമർശിച്ചിരിക്കുന്ന ഫീച്ചർ ഫിലിമിന് ചുരുങ്ങിയത് 90 മിനിട്ടും പരമാവധി 120 മിനിട്ടും ദൈർഘ്യമുണ്ടായിരിക്കണം.
- അപേക്ഷയോടൊപ്പം മാനേജിംഗ് ഡയറക്ടർ കെ.എസ്.എഫ്.ഡി.സി.യുടെ പേരിൽ **2000/- രൂപ**യുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷാ ഫീസിനത്തിൽ നൽകേണ്ടതാണ്. എന്നാൽ രണ്ടു വിഭാഗത്തിലും പ്രൊപ്പോസൽ സമർപ്പിക്കുന്ന എസ്.സി.എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന സംവിധായകരെ അപേക്ഷാ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വനിതാ സിനിമാ വിഭാഗത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

**പരമാവധി ബഡ്ജറ്റ്**
ഫീച്ചർ ഫിലിം ഒന്നിന് മാർക്കറ്റിംഗ് ചെലവുകൾ ഉൾപ്പെടെ പരമാവധി **150 ലക്ഷം** രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്.

**അവസാന തീയതി**
പ്രൊപ്പോസലുകൾ സ്വീകരിക്കുന്ന അവസാന തീയതി 15.02.2021ന് വൈകുന്നേരം 5 മണി

**അയക്കേണ്ട വിലാസം**
മാനേജിംഗ് ഡയറക്ടർ, ചലച്ചിത്ര കലാഭവൻ, വഴുതക്കാട്, തിരുവനന്തപുരം 695014

## തെരഞ്ഞെടുക്കുന്ന രീതി

3 ഘട്ടങ്ങളിലായിട്ടാണ് സംവിധായകരെ തെരഞ്ഞെടുക്കുന്നത്




## പ്രാരംഭ സ്ക്രീനിംഗ്

കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് നിയോഗിക്കുന്ന ഫിലിം പ്രൊഫഷണൽസ് ഉൾപ്പെട്ട ജൂറി നിർദ്ദിഷ്ട തീയതിക്കുള്ളിൽ ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അടുത്ത ഘട്ടത്തിലേക്ക് കടക്കുവാൻ യോഗ്യമായ പ്രൊപ്പോസലുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. പ്രസ്തുത ലിസ്റ്റ് കെ.എസ്.എഫ്.ഡി.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.




## ശിൽപശാല

ലെവൽ-1 ൽ സെലക്ഷൻ ലഭിച്ച പ്രൊപ്പോസലുകൾ സമർപ്പിച്ച സംവിധായകരെ പ്രഗൽഭരായ ഫിലിം പ്രൊഫഷണൽസ് നേതൃത്വം നല്കുന്ന ശില്പശാലയിലേക്ക് ക്ഷണിക്കുന്നതാണ്. ശില്പശാലയുടെ അവസാന ദിവസം ശില്പശാലയിൽ പങ്കെടുത്ത സംവിധായകർ സമർപ്പിക്കുന്ന 6 പേജ് ട്രീറ്റ്മെന്റ് നോട്ട് വർക്ക്ഷോപ്പ് ഡയറക്ടർ നേതൃത്വം നല്കുന്ന ജൂറി വിലയിരുത്തി മൂന്നാം ലെവലിലേക്ക് കടക്കാൻ യോഗ്യമായ പ്രൊപ്പോസലുകൾ തെരഞ്ഞെടുക്കുന്നതാണ്. ഇങ്ങനെ സെലക്ഷൻ ലഭിച്ച പ്രൊപ്പാസലുകളുടെ വിവരം കെ.എസ്.എഫ്.ഡി.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകരിൽ നിന്നും 5000/- രൂപ വർക്ക്ഷോപ്പ് ഫീസ് ഈടാക്കുന്നതാണ്.
- വനിതാ സിനിമ, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമ എന്നീ വിഭാഗങ്ങളിൽ പ്രൊപ്പോസൽ സമർപ്പിച്ച് സംവിധായകർക്ക് വെവ്വേറെ ആയിട്ടായിരിക്കും ശില്പശാലകൾ സംഘടിപ്പിക്കുക.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരിൽ നിന്നും വർക്ക്ഷോപ്പ് ഫീസ് ഈടാക്കുന്നതല്ല.
- ശില്പശാലകൾ തിരുവനന്തപുരത്തായിരിക്കും സംഘടിപ്പിക്കുക.
- 'വർക്കിംഗ് ലഞ്ച്', 'റിഫ്രഷ്മെന്റ്സ്' എന്നിവ ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകർക്ക് സൗജന്യമായി നൽകുന്നതാണ്.
- യാത്ര, താമസം, എന്നിവ ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകരുടെ ഉത്തരവാദിത്വമാണ്.




## സ്ക്രീൻപ്ലേ സമർപ്പണം

ലെവൽ 2 ൽ തെരഞ്ഞെടുക്കപ്പെട്ട ട്രീറ്റ്മെന്റ് നോട്ട് സമർപ്പിച്ച സംവിധായകരിൽ നിന്നും അവരുടെ ട്രീറ്റ്മെന്റിനെ ആസ്പദമാക്കി തിരക്കഥ സമർപ്പിക്കാൻ ആവശ്യപ്പെടുന്നതാണ്. ലെവൽ 2 ലെ റിസൾട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിനു ശേഷം പരമാവധി **21** ദിവസമായിരിക്കും തിരക്കഥ സമർപ്പിക്കാൻ നൽകുന്ന സമയം. ആവശ്യമെന്നു തോന്നുന്നപക്ഷം സംവിധായകർക്ക് ഒരു തിരക്കഥാകൃത്തിന്റെ സേവനം ഈ ഘട്ടത്തിൽ ഉപയോഗിക്കാവുന്നതാണ്.

**തിരക്കഥയുടെ 3 പകർപ്പുകളും 1 ഇംഗ്ലീഷ് പരിഭാഷയും സമർപ്പിക്കേണ്ടതാണ്.** സ്ക്രീൻപ്ളേ സമർപ്പിക്കുന്ന എല്ലാ സംവിധായകരേയും പ്രഗത്ഭരായ ഫിലിം പ്രൊഫഷണൽസ് അടങ്ങുന്ന ഒരു ജൂറി തിരക്കഥ അവതരണത്തിനും അഭിമുഖത്തിനുമായി ക്ഷണിക്കുന്നതാണ്. പ്രസ്തുത ജൂറി തന്നെയായിരിക്കും ഓരോ വിഭാഗത്തിൽ നിന്നും രണ്ടു വീതം തിരക്കഥകൾ നിർമ്മാണത്തിനായി തിരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട തിരക്കഥകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മേൽപ്പറഞ്ഞ എല്ലാ ജൂറിയിലേയ്ക്കും അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ ഉള്ള സ്വാതന്ത്ര്യം പൂർണ്ണമായും കെ.എസ്.എഫ്.ഡി.സി യ്ക്കാണ്.

ഓരോ ലെവലിലും ജൂറി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. ഈ വിഷയത്തിൽ ഒരു പരാതിയും സ്വീകരിക്കുന്നതല്ല.

**സംശങ്ങൾക്കായി വിളിക്കേണ്ട നമ്പർ: 7736 129 145, 8589 8444 22**

KSFDC

കേരളസംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ